## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1366

03.12.2015-ൽ മറുപടിക്ക്

**കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കി സമർപ്പിച്ച 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭരണാനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്നും പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണെന്നും ഫയൽ നമ്പർ ഏതാണെന്നും വിശദമാക്കാമോ;<br><br>ബി) ചോർന്നൊലിക്കുന്ന കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണത്തിനു ഫണ്ട് അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും | കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണത്തിനായി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 08.05.2014 ലെ കത്ത് പ്രകാരം സർക്കാരിനു സമർപ്പിച്ചിരുന്നു. എന്നാൽ 2014-15 വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകിയിരുന്നില്ല. ഫണ്ട് ലഭ്യത ഉറപ്പുവരുത്തി ടി പ്രവൃത്തിക്കായി 2015-16 സാമ്പത്തിക വർഷം പുതുക്കിയ ശുപാർശ സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ടി പ്രവൃത്തിക്കായി 2015-16 സാമ്പത്തിക വർഷവും New Service Procedure പാലിച്ച് ടോക്കൺ വിഹിതം വകയിരുത്തിയിട്ടില്ല. ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ലഭ്യമായശേഷം പുതിയ ശുപാർശ സമർപ്പിക്കുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാരിലുണ്ടായിരുന്ന 11388/ഇ 3/2014/നി.വ. നമ്പർ ഫയലിലെ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ